بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Khulasa 02.08.2019 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### ০২.০৪.২০১৯ന് ഹദീഖത്തുൽ മഹ്ദിയിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**അതിഥിസൽക്കാരം അല്ലാഹുവിനു പ്രിയപ്പെട്ടതാണ്. എത്രമാത്രമെന്നാൽ ഹദ്റത്ത് ഇബ്റാഹീം നബി(അ)യുടെ അതിഥിസൽക്കാരത്തെ കുറിച്ച് വിശുദ്ധ ഖുർആനിൽ രണ്ടു പ്രാവശ്യം പരാമർശിച്ചിരിക്കുന്നു. നബി(സ)തിരുമേനിയുടെ മാതൃക നമ്മുടെ മുമ്പിലുണ്ട്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർക്കായി കല്പിച്ച മൂന്നു കാര്യങ്ങളിൽ മൂന്നാമത്തെ കാര്യം സ്വന്തം അതിഥികളെ ആദരിക്കുക എന്നതാണ്. ശാന്തസുന്ദരമായ ഒരു സമൂഹത്തിന്റെ സൃഷ്ടിപ്പിന് അടിസ്ഥാനപരമായ ഒരു കാര്യമാണിത്. അല്ലാഹുവിന്റെ കല്പനകളിലൊന്നാണത്. ഒരു വിശ്വാസിയുടെ അടയാളവുമാണിത്.**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۝ اَلرَّحْمٰنِ الرَّحِيْمِ۝ مٰلِكِ يَوْمِ الدِّيْنِ۝ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ۝

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۝ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ۬ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۝

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു,

അല്ലാഹു നമുക്ക് വീണ്ടും യു.കെ ജൽസാ സാലാനയിൽ പങ്കെടുക്കുവാനുള്ള തൗഫീഖ് നൽകിയിരിക്കുകയാണ്. കഴിഞ്ഞ മാസം ജർമനി, കാനഡ, അമേരിക്ക എന്നിവടങ്ങളിലും ലോകത്തിലെ മറ്റു സ്ഥലങ്ങളിലും ജൽസ നടക്കുകയുണ്ടായി. എല്ലായിടത്തും ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടൊപ്പമുള്ള അല്ലാഹുവിന്റെ സഹായ വാഗ്ദാനങ്ങൾ പുലരുന്നതായി കാണുന്നു. എന്നിരുന്നാലും യു.കെ ജൽസയ്ക്ക് ലോകത്തിന്റെ ദൃഷ്ടി അതിലേക്കായിരിക്കുന്നു എന്ന കാരണത്താൽ ഒരു പ്രത്യേക നിലവാരമുണ്ടായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഖിലാഫത്തിന്റെ ആസ്ഥാനം ഇവിടെയാണ്. അതുകൊണ്ടുതന്നെ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള ആളുകൾ, നമ്മുടെ സ്വന്തം ആളുകളും അന്യരും യു.കെ ജൽസയിൽ പങ്കെടുക്കാൻ ശ്രമിക്കുന്നു. അതനുസരിച്ച് ഇവിടെയുള്ള ഡ്യൂട്ടിക്കാരുടെയും ഉത്തരവാദിത്വം വർദ്ധിക്കുന്നു. പിന്നെ ഇവിടെ ഹദീഖത്തുൽ മഹ്ദിയിൽ നിർമ്മിക്കപ്പെടുന്ന താല്കാലിക നഗരത്തിലെ സംവിധാനങ്ങളിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതായി വരുന്നു. ആയതിനാൽ ഞാൻ ഡ്യൂട്ടി സംബന്ധമായ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ഉണർത്താറുള്ളതുപോലെ ഇന്നും ആദ്യം അതുമായി ബന്ധപ്പെട്ടു സംസാരിക്കുന്നതാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ യിലുള്ള വൃദ്ധരും യുവാക്കളും കുട്ടികളും സ്ത്രീകളും പെൺകുട്ടികളും കഴിഞ്ഞ 35 വർഷങ്ങളായി അതായത് ഖിലാഫത്തിന്റെ കേന്ദ്രം ഇങ്ങോട്ടു മാറിയതിനുശേഷം കാലത്തിന്റെ ഖലീഫയുടെ സാന്നിധ്യത്തിൽ നടക്കുന്ന ജൽസയ്ക്കുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുന്നു. വളരെ സന്തോഷത്തോടെ ഡ്യൂട്ടികളും ചെയ്യുന്നു. ഇന്ന് ഇവിടെയുള്ള പ്രവർത്തകർ ഒരു പക്ഷെ റബ്വയിലെ പ്രവർത്തകരെ സഹായിക്കാൻ തക്ക പ്രാപ്തരായിത്തീർന്നിരിക്കുന്നു. നാലായിരമോ അയ്യായിരമോ ആളുകൾക്ക് ഭക്ഷണം നൽകുക എന്നതു സംഘാടകർക്കു ഒരു വെല്ലുവിളിയായിരുന്നു. അന്ന് 90% റൊട്ടിയും അങ്ങാടിയിൽ നിന്നുമാണ് വാങ്ങിയിരുന്നത്. ആ കാലമെവിടെ, ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാല്പതിനായിരത്തോളം ആളുകൾക്കു വേണ്ടി റൊട്ടി സ്വയം ഉണ്ടാക്കുന്ന ലക്ഷക്കണക്കിന് റൊട്ടികൾ നിർമ്മിക്കുന്നു. ഞാൻ സമയാസമയങ്ങളിൽ സ്വയം അത് പരിശോധിച്ചു നോക്കാറുണ്ട്. ആളുകളും അതിഷ്ടപ്പെട്ടു. ഞാനും അതിഷ്ടപ്പെടുന്നു. ആദ്യമുണ്ടാക്കിയിരുന്ന റൊട്ടിയേക്കാൾ എത്രയോ മികച്ചതാണ് ഇപ്പോഴത്തെ റൊട്ടി. അല്ലാഹു ഈ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന യുവാക്കൾക്ക് കൂടുതൽ നൈപുണ്യം പ്രദാനം ചെയ്യട്ടെ. അവർക്കു കൂടുതൽ ബുദ്ധിശക്തിയും ജൽസയിൽ പങ്കെടുക്കുന്ന അതിഥികളെ മുമ്പത്തേക്കാളുപരി സേവിക്കുവാനുള്ള പ്രാപ്തിയും നൽകുമാറാകട്ടെ.

അതുപോലെതന്നെ ലങ്കർഖാനയിൽ ഭക്ഷണം പാകം ചെയ്യുന്ന ടീം അവരുടെ ഇൻചാർജ്ജ് സാഹിബുമാരുടെ കൂടെ വളരെ കഠിനാധ്വാനത്തോടെ ജോലി ചെയ്യുന്നതിൽ മുഴുകിക്കൊണ്ടിരിക്കുന്നു. പിന്നെ ലങ്കർഖാനയിൽ വലിയ ചെമ്പുപാത്രങ്ങൾ കഴുകുന്ന വിഭാഗമാണ്. ഇതും വളരെ കഠിനവും ദുഷ്കരവുമായ ജോലിയാണ്. ഖാദിയാനിൽ ഈ ജോലി കൂലികൊടുത്ത് ചെയ്യിക്കുകയാണ് പതിവ്. എന്നാൽ ഇവിടെ വളരെ ആത്മാർഥതയോടെ ഡ്യൂട്ടിക്കാരാണ് ഈ ജോലി ചെയ്യുന്നത്. പിന്നെ ഭക്ഷണം വിതരണം ചെയ്യുന്ന വിഭാഗമാണ്. അതും ഇത്തവണ മെച്ചപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അതിഥികൾക്ക് കുറഞ്ഞ സമയത്തിനുള്ളിൽ ധൃതി കൂടാതെ ഭക്ഷണം നൽകുന്നതിനായി പന്തലുകളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ട്.

കൂടാതെ മറ്റു വകുപ്പുകളായ ക്ലീനിങ്, കാർ പാർക്കിങ്, ട്രാഫിക്, പിന്നെ ജൽസാ ഗാഹിനകത്തു തന്നെ വിവിധ വിഭാഗങ്ങളുണ്ട്. വളരെ സുപ്രധാനമായ ഒരു വിഭാഗമാണ് സെക്യൂരിറ്റിയുടെത്. കൂടാതെ മറ്റു വിവിധ വകുപ്പുകളുമു

ണ്ട്. എല്ലാ വിഭാഗങ്ങളും അതാതിന്റെ സ്ഥാനത്ത് പ്രധാന പ്പെട്ടതു തന്നെയാണ്. അതിലെല്ലാം ജോലി ചെയ്യാൻ പ്ര വർത്തകർക്ക് അവസരം ലഭിച്ചുകൊണ്ടിരിക്കുന്നു. അതുപോ ലെ തന്നെ ഡ്യൂട്ടിക്കാരായ സ്ത്രീകളുമുണ്ട്. അവർക്കും അ വസരം ലഭിക്കുന്നു. അല്ലാഹു ഇവർക്കെല്ലാവർക്കും നല്ല രീ തിയിൽ സേവനം ചെയ്യുവാനുള്ള തൗഫീഖ് നൽകുമാറാക ട്ടെ. ഡ്യൂട്ടിക്കാരോട് ഞാൻ എപ്പോഴും പറയാറുള്ളതുപോ ലെ, നിങ്ങൾ ഏതൊരു ആവേശത്തോടും താല്പര്യത്തോടും കൂടിയാണോ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അതിഥിക ളെ സേവിക്കുന്നതിനായി സ്വയം സമർപ്പിച്ചത് ആ വികാരം അവസാനം വരെ നിലനിർത്തുക. അത് നിലനിർത്തിയെന്ന് പ്രകടമാകുന്നത് മുഖങ്ങളിലുള്ള പുഞ്ചിരിയും അതിഥിക ളോട് കാണിക്കുന്ന ആദരവോടെയുള്ള പെരുമാറ്റവും മുഖേ നയായിരിക്കും. ആയതിനാൽ ഈ ജൽസയിൽ പങ്കെടുക്കു ന്ന അതിഥികളെ സേവിക്കുന്നതിനായി വിവധ സ്ഥലങ്ങ ളിൽ ജോലി ചെയ്യുന്ന പ്രവർത്തകർ ഓർക്കേണ്ടത്, അവർ ഈ ജൽസയിൽ ഇരട്ടി പ്രതിഫലം നേടുകയും അനുഗ്രഹ ങ്ങൾ സ്വരുക്കൂട്ടുകയുമാണ് ചെയ്യുന്നതെന്നാണ്. ആതിഥ്യം അല്ലാഹുവിനും പ്രിയപ്പെട്ടതാണ്. എത്രമാത്രം പ്രിയപ്പെട്ട താണെന്നാൽ ഹദ്റത്ത് ഇബ്റാഹീം നബി(അ)യെ സംബ ന്ധിച്ച് ഇതു സംബന്ധമായി രണ്ടു സ്ഥലങ്ങളിൽ പ്രതിപാ ദിച്ചിട്ടുണ്ട്. അഥവാ അതിഥികൾക്ക് ആഹാരം നല്കുന്നത് വെറുമൊരു സാധാരണ കാര്യമായിരുന്നെങ്കിൽ അതിഥിക ളുടെ ആഗമനത്തെക്കുറിച്ചു പറഞ്ഞയിടങ്ങളിലെല്ലാം ഭക്ഷ ണം കൊടുത്തതിനെക്കുറിച്ച് പരാമർശിക്കുമായിരുന്നില്ല.

നബി(സ)തിരുമേനിയുടെ ഉത്തമ മാതൃക നമ്മുടെ മുൻ പിലുണ്ട്. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന വർക്കായുള്ള നബി(സ)തിരുമേനിയുടെ മൂന്നു കല്പനക ളിലെല്ലാം ഒരാൾ മറ്റൊരാളോടുള്ള അവകാശങ്ങൾ നിറവേ റ്റുന്നതുമായി ബന്ധപ്പെട്ടവയാണ്. അതുപോലെ സമൂഹ ത്തിൽ സമാധാനന്തരീക്ഷം ഉണ്ടാക്കുന്നതുമായി ബന്ധപ്പെ ട്ടതാണ്. അതിൽ ഒന്നാമത്തെ കാര്യം നല്ലതു സംസാരിക്കു ക അല്ലാത്തപക്ഷം നിശബ്ദനാകുക. അനാവശ്യമായ കാര്യ ങ്ങൾ പറഞ്ഞുകൊണ്ട് അസമാധാനം ഉണ്ടാക്കരുത്. പരസ് പരം വിദ്വേഷമുണ്ടാക്കരുത്. ഒരു വിശ്വാസി ഒരിക്കലും അ നാവശ്യ കാര്യങ്ങൾ സംസാരിക്കുകയില്ല. രണ്ടാമത്തെ കാര്യം അയൽവാസികളെ ആദരിക്കുക. എന്തെന്നാൽ അയൽവാ സിക്ക് ഒരുപാട് അവകാശങ്ങളുണ്ട്. അവരെ ആദരിക്കുകയും അവരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും ചെയ്യുക. മൂന്നാമത്തെ കാര്യം സ്വന്തം അതിഥികളെ ആദരിക്കുക. ഇത് പ്രത്യേകിച്ചും ആതിഥേയർക്കുള്ളതാണ്. ഒരു ശാന്തസുന്ദരമായ അന്തരീ ക്ഷം സ്ഥാപിക്കുന്നതിന് ഇത് അടിസ്ഥാനപരമായിട്ടുള്ള സം ഗതിയാണ്. ഇത് അല്ലാഹുവിന്റെ കല്പനകളിൽ ഒരു കല്പ നയും ഒരു വിശ്വാസിയുടെ അടയാളവുമാണ്. നബി(സ)തി രുമേനിയുടെ അടുക്കൽ അതിഥികൾ വരുമ്പോൾ അവരെ സ്വഹാബാക്കൾക്കിടയിൽ വീതിക്കുമായിരുന്നു. പിന്നീട് നി ങ്ങളുടെ സഹോദരങ്ങൾ നല്ല രീതിയിൽ സൽക്കരിച്ചോ ഇല്ലയോ എന്ന് അതിഥികളോടു അന്വേഷിക്കുകയും ചെ യ്യും. സ്വഹാബാക്കൾ നബി(സ)തിരുമേനിയുടെ സഹവാ സം ലഭിച്ചവരും ശിക്ഷണം ലഭിച്ചവരുമായിരുന്നു. തിരുമേ നിയിൽ നിന്നും അനുഗ്രഹം കരസ്ഥമാക്കിയവരാണ്. അ വർ അതിഥികളെ എങ്ങനെ സൽക്കരിച്ചിരുന്നുവെന്നാൽ, അതിഥികൾ പറയുമായിരുന്നു ഞങ്ങളുടെ ആതിഥേയർ ഞ ങ്ങളെ അവരെക്കാളും മികച്ച നിലയിൽ ശ്രദ്ധിക്കുകയും അ വർ കഴിക്കുന്നതിനേക്കാൾ ഉത്തമമായ ആഹാരം നൽകു കയും ചെയ്തു. ഇതായിരുന്നു നബി(സ)തിരുമേനിയുടെ സ്വഹാബാക്കളുടെ ആതിഥ്യമര്യാദയുടെ നിലവാരം.

ഹുസൂർ പറഞ്ഞു: നാം അതിഥികളെ പ്രത്യേകമായി സൽ ക്കരിക്കാനായി നിശ്ചയിക്കപ്പെട്ടിട്ടുള്ളവരാണ്. അല്ലാഹു അവ ന്റെ അനുഗ്രഹത്താൽ ജമാഅത്തിന് മുൻപത്തേക്കാളധികം അഭിവൃദ്ധി നൽകിയിരിക്കുന്നു. ജമാഅത്തു സംവിധാനത്തി നു കീഴിലും അതിഥി സൽക്കാരം നടക്കുന്നു. എന്നാൽ സ്വ ഹാബാക്കളുടെ അവസ്ഥ ഇതായിരുന്നില്ല. അവർക്ക് ഒരു കേന്ദ്ര സംവിധാനവുമുണ്ടായിരുന്നില്ല. അവരുടെ സാമ്പത്തി ക നിലവാരവും അതിനു പ്രാപ്തമല്ലായിരുന്നു. കുട്ടികളെയും കിടത്തിയുറക്കി ഭാര്യയും ഭർത്താവും സ്വയം പട്ടിണികിടന്നു കൊണ്ട് ഉള്ളത് തങ്ങളുടെ അതിഥികൾക്ക് നൽകുകയുണ്ടായ സംഭവങ്ങളും കാണാം. പിന്നീട് അവരുടെ ആ പ്രവൃത്തി യിൽ അല്ലാഹു സന്തോഷിക്കുകയും നബി(സ)തിരുമേനി ക്ക് ഇതിനെക്കുറിച്ച് അറിവു നൽകുകയും ചെയ്തു. അതു കൊണ്ട് ത്യാഗം വരിച്ച് അവർ കാഴ്ചവെച്ച അതിഥി സൽ ക്കാരം നമ്മുക്കും സ്വായത്തമാകേണ്ടതായിട്ടുണ്ട്. ഇന്ന് അല്ലാ ഹുവിന്റെ അനുഗ്രഹത്താൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ജമാഅത്തിലും ധാരാളം ആളുകൾ ത്യാഗം ചെയ്തും അതിഥി സൽക്കാരം നിർവഹിക്കുന്നവരാണ്. നാം ചെയ്യേ ണ്ടതും അതുതന്നെയാണ്. ഡ്യൂട്ടി നിർവഹിക്കുന്ന സംഘാ ടകർ ചെയ്യേണ്ടത് അവരിൽ എല്ലാവരും തന്നെ നൂറു ശത മാനം ത്യാഗവികാരത്തോടെ സൽപെരുമാറ്റം കാഴ്ച വെച്ചു കൊണ്ട് അതിഥികളെ സൽക്കരിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിരവധി സംഭവങ്ങളിലൂടെ അദ്ദേഹത്തിന്റെ അതിഥി സൽക്കാരത്തിലുള്ള ആത്മാർത്ഥതയും അതിഥി സൽക്കാരത്തിന്റെ ഉന്നതനിലവാരവും നമ്മുക്ക് ദൃശ്യമാ കുന്നു.

ഒരിക്കൽ വിദൂരപ്രദേശത്ത് നിന്ന് എത്തിചേർന്ന അതിഥി കളോട് ലങ്കർഖാനയിലുള്ള ഉദ്യോഗസ്ഥർ തടസ്സം പറഞ്ഞ തിനാൽ അവർ നീരസം പ്രകടപ്പിച്ച് കൊണ്ട് തിരിച്ച് പോ യി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഈ വിവരം ലഭിച്ചു. അതിനെ കുറിച്ച് പറയുന്നത് ഇപ്രകാരമാണ്, ചെരുപ്പു പോ ലും ശരിയാം വണ്ണം ധരിക്കാൻ നില്ക്കാതെ വളരെ വേ ഗത്തിൽ അതിഥികളുടെ പിന്നാലെ കൂടി. അവർ കുതിരവ ണ്ടിയിലായിരുന്നു യാത്ര ചെയ്തിരുന്നത്. മസീഹ് മൗഊദ് (അ) വരുന്നത് കണ്ടപ്പോൾ അവർ കുതിരവണ്ടി അവിടെ നിർത്തി. വണ്ടിയിൽ നിന്ന് ഇറങ്ങി. ഹദ്റത്ത് മസീഹ് മൗ ഊദ് (അ) അവരോട് ക്ഷമാപണം നടത്തി കൊണ്ട് തിരികെ വരുവാനായി പറഞ്ഞു. അങ്ങനെ കുതിരവണ്ടി തിരിച്ചു. അ ദ്ദേഹം പറഞ്ഞു: നിങ്ങൾ വണ്ടിയിൽ ഇരുന്നാലും ഞാൻ നിങ്ങളോടൊപ്പം നടന്ന് വരുന്നതാണ്. അതിഥികൾ ലജ്ജി തരായി തീർന്നു. അവർ കുതിരവണ്ടിയിൽ കയറാതെ അ

ദ്ദേഹത്തിനോപ്പം നടന്നു. അവസാനം അവർ ലങ്കർഖാന യിൽ എത്തിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം മുന്നോട്ട് വന്ന് അതിഥികളുടെ സാധാനങ്ങൾ താഴെ ഇറക്കാൻ തുടങ്ങി. മുമ്പ് തന്നെ ലജ്ജിതരായിതീർന്ന അവിടെയുള്ള പ്രവർത്തകർ ഉടൻ മുന്നോട്ട് വന്ന് അതിഥികളുടെ സാധനങ്ങൾ ഇറക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവർക്കുള്ള താമസസൗകര്യവും ഭക്ഷണ സംവിധനവും തയ്യാറാകുന്നത് വരെ അവിടെ തന്നെ നിന്നു. അദ്ദേഹം തന്റെ ഉദ്യോഗസ്ഥരോട് പറഞ്ഞു: നോക്കുക, ഒരുപാട് അതിഥികൾ വന്നുകൊണ്ടിരിക്കും. ചിലരെ നിങ്ങൾക്ക് പരിചയം ഉണ്ടാകും. ചിലരെ പരിചയം ഉണ്ടാവില്ല. അതുകൊണ്ട് എല്ലാവരെയും ആദരണീയർ എന്ന് മനസിലാക്കി ഭക്ഷണം നല്കുകയും സേവിക്കുകയും ചെയ്യുക. പറഞ്ഞു: അതിഥികൾക്ക് സംതൃപ്തി നല്കുന്നുവെന്നതാണ് എനിക്ക് നിങ്ങളെ കുറിച്ചുള്ള വിശ്വാസം. അതുകൊണ്ട് ഈ വിശ്വാസത്തെ നമ്മൾ ഇന്നും നിലനിർത്തേണ്ടതായിട്ടുണ്ട്.

ഹുസൂർ തിരുമനസ്സ് പറയുന്നു: ഇതിന് ശേഷം അതിഥികളോടും ഞാൻ ചിലത് പറയാൻ ഉദ്ദേശിക്കുന്നു. ഒന്നാമതായി പരസ്പരമുള്ള വികാരത്തെ ഇരുവിഭാഗവും അതായത് അതിഥിയും ആതിഥേയനും മാനിക്കേണ്ടതാണ്. ഇസ്‌ലാം അതിഥിക്കായി ആദരവും അന്തസ്സും നല്കുന്നതോടൊപ്പം തന്നെ അതിഥികൾക്കും കല്പന നല്കുന്നു, അവർ ആതിഥേയന് ഭാരമാകരുത്. നബി(സ) തിരുമേനി പറയുന്നു: ഒരുപാട് നേരം ആരുടെയെങ്കിലും അടുത്ത് താമസിക്കുകയെന്നത് വീട്ടുകാർക്ക് ഭാരമായി തീരുന്നു. അത് നിങ്ങൾ സദഖ വാങ്ങുന്നത് പോലെയാണ്. ആദ്യം മുതൽ അവസാനം വരെ ഒരുപോലെ അതിഥി സൽക്കാരം നടത്താൻ എല്ലാവർക്കും സാധിക്കില്ല. അതിനാൽ അതിഥികൾക്കുള്ള കല്പന, നിങ്ങളും വീട്ടുകാരെ കുറിച്ച് ചിന്തിക്കുക എന്നാണ്. ഇവിടെ ഞാൻ സംഘാടകരോടു പറയുകയാണ്, നമ്മുടെ ജൽസയിൽ വന്നിരിക്കുന്ന അതിഥികൾ, ഒരുപക്ഷേ ഒരു മാസകാലം താമസിക്കുന്നതായാലും അവരെ സൽക്കരിക്കേണ്ടതാണ്. മൂന്ന് നാല് ദിവസങ്ങൾക്ക് ശേഷം അതിഥി സൽക്കാരം അവസാനിച്ചുവെന്ന് വിചാരിക്കരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ദൗത്യങ്ങളെ പ്രതിപാദിക്കുന്നിടത്ത് ലങ്കർഖാനയുടെ (അതിഥി മന്ദിരത്തിന്റെ) നടത്തിപ്പിനെയും ഒരു ശാഖയായി വിവരിച്ചിരിക്കുന്നു. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥിമന്ദിരത്തിൽ വരുന്നവരോട് ഉന്നതമായ ധാർമികമൂല്യങ്ങൾ പ്രകടിപ്പിക്കേണ്ടതാണ്.

പിന്നീടുള്ളത് മനോഹരമായ ഒരുസമൂഹത്തെ കുറിച്ചുള്ള കല്പനയാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അതിഥികൾ പ്രത്യേകമായും ഈ ജൽസയുടെ അന്തരീക്ഷത്തിൽ സലാം പറയുന്നത് വ്യാപകമാക്കേണ്ടതാണ്. നബി(സ)തിരുമേനി സ്വർഗത്തിൽ പ്രവേശിക്കുന്നവരുടെ ഒരു പ്രത്യേകതയായി വിവരിച്ചത്, അവർ സലാം പ്രചരിപ്പിക്കുന്നുവെന്നാണ്. അവിടുന്ന് പറയുകയുണ്ടായി, നിങ്ങൾ അറിയുന്നവർക്കും അറിയാത്തവർക്കും സലാം പറയുക. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉം ജൽസയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിവരിച്ചിരിക്കുന്നതിൽ ഒന്ന് ആളുകളുടെ ഒത്ത് ചേരലാണ്. അത് പരസ്പരമുള്ള സ്നേഹബന്ധവും പരിചയവും വർധിക്കും വിധമുള്ള ഒത്തുചേരലായിരിക്കണം. ഇത്തരത്തിൽ പരസ്പരമുള്ള നീരസങ്ങളും അവസാനിക്കുന്നതാണ്. ശേഷം ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ജൽസയിൽ വന്ന് കൊണ്ട് ഈ ലക്ഷ്യം നേടിയെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. ഭൗതീകതയോടുള്ള സ്നേഹം തണുക്കുകയും അല്ലാഹുവിന്റെയും അവന്റെ ആദരണീയ റസൂൽ(സ)യോടുമുള്ള സ്നേഹം ഹൃദയത്തെ അതിജയിക്കേണ്ടതുമാണ്. ഈ സ്നേഹം നേടിയേടുക്കുന്നതിനായി ജൽസയുടെ പരിപാടികളിൽ പ്രത്യേകമായി പങ്കെടുക്കുക. അത് വളരെ ശ്രദ്ധയോടെ കേൾക്കുക. ജൽസയിലും അതുപോലെ പുറത്ത് സഞ്ചരിക്കുമ്പോഴും ദിക്റെ ഇലാഹിയിൽ മുഴുകുക. ജമാഅത്തായ നമസ്കാരങ്ങൾ പ്രത്യേക ശ്രദ്ധയോടെയും ചിന്തയോടെയും നിർവഹിക്കുക. നഫലുകളും തഹ്ജ്ജുദും നിർവഹിക്കുന്നതിലേക്കും ശ്രദ്ധ നല്കുക. പ്രത്യേകമായ നിലയിൽ ഇവിടെ താമസിക്കുന്നവർ ഈ ചുറ്റുപാടിനെ പരിശുദ്ധമാക്കി വെക്കുന്നതിന് ശ്രമിച്ച് കൊണ്ടിരിക്കുകയും സ്വന്തം അവസ്ഥകളെ മെച്ചപ്പെടുത്തതിന് പ്രയത്നിക്കുകയും ചെയ്യുക.

അതുപോലെ സംവിധാനത്തെ സംബന്ധിച്ച് അതിഥികൾ ഇക്കാര്യം കൂടി മനസിലാക്കേണ്ടതാണ്. താൽകാലികവും വിശാലവുമായ സംവിധാനത്തിൽ പല കുറവുകളും വന്നുഭവിക്കുന്നതാണ്. ഇനി എവിടെയെങ്കിലും വല്ല കുറവും കാണുന്നുണ്ടെങ്കിൽ അവിടെ വിട്ടുവീഴ്ച്ച ചെയ്യുക. അതു മാത്രമല്ല, ഇത്തരം കുറവുകൾ കാണുമ്പോൾ സംഘാടകരെ സഹായിക്കുകയും ചെയ്യുക. ഞാൻ കണ്ടിട്ടുണ്ട്, ചില അതിഥികൾ വലിയ ആവേശത്തോട് കൂടി ആതിഥേയരുടെ ജോലികൾ ചെയ്യാൻ തുടങ്ങുന്നു. ഈ വികാരമാണ് ഒരഹ്മദിക്ക് ഉണ്ടായിരിക്കേണ്ടത്. ഈ യഥാർത്ഥ ആത്മാവാണ് പരസ്പരം ആത്മാർത്ഥയോടെ നിലകൊള്ളുന്ന സമൂഹത്തെ സൃഷ്ടിക്കുന്നത്. അതിഥികൾ സംഘാടകരെ പരീക്ഷിക്കുന്നതിനായി സ്വന്തം സമയം പാഴാക്കാതിരിക്കുക. മറിച്ച് ആവശ്യം നേരിടുന്ന പക്ഷം എല്ലാ വിഭാഗത്തിനും നിങ്ങൾ സഹായായി മാറുക. അതുപോലെ പാർക്കിംഗിലും മറ്റും ചില സന്ദർഭങ്ങളിൽ തിരക്കുകൾ കാരണം ബഹളം ഉണ്ടാകുന്നു. അത്തരം അവസരങ്ങളിൽ കാറുകളിൽ വരുന്ന അതിഥികൾ ക്ഷമയോടെയും സഹനത്തോടും കൂടി സംവിധാനവുമായി പൂർണമായും സഹകരിക്കുക. അതുപോലെ പ്രവേശനകവാടത്തിലെ സ്കാനിംഗിനും മറ്റുമുള്ള സംവിധാനത്തിൽ അവിടെ എത്തുന്ന ഒരോരുത്തരും ക്ഷമ പ്രകടിപ്പികേണ്ടതാണ്.

ഇനി സമ്മേളന നഗരിയിൽ ഇരിക്കുന്നവരും അവരുടെ ചുറ്റുപാടും നിരീക്ഷിക്കുക. അതുപോലെ തന്നെ പുറത്ത് നടക്കുമ്പോഴും അവരുടെ പരിസരങ്ങളിൽ ദൃഷ്ടി വെക്കേണ്ടതാണ്. സെക്യൂട്ടിയുടെ അടിസ്ഥാനത്തിൽ സംഘാടകർ നല്കുന്ന നിർദ്ദേശങ്ങൾ പൂർണമായും പാലിക്കാൻ പരിശ്രമിക്കുക. എല്ലാത്തിനും ഉപരിയായി ജൽസയുടെ വിജയത്തിനും നാം ജൽസയിൽ വന്നതിന്റെ ലക്ഷ്യപൂർത്തീകരണത്തിനും എല്ലാവിധ അപായങ്ങളിൽ നിന്നും സുരക്ഷിതമായിരിക്കുന്നതിനും നിലക്കാത്ത ദുആകളിൽ മുഴുകുക. ഈ ദിനങ്ങളിൽ പാകിസ്ഥാനിലെ അഹ്മദികളുടെ അവസ്ഥയെ

മുൻനിർത്തിയും ദുആ ചെയ്യുക. അല്ലാഹു അവർക്കും സമാധാനപരമായ ജീവിതം പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു അവരെയും എല്ലാവിധ പ്രയാസങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. എതിരാളികളുടെ പുതിയതും പഴയതുമായ പദ്ധതികളെ പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

ഹുസൂർ തിരുമസ്സ് പറയുന്നു: ഇത് കൂടാതെ ഒരു വിളംബരം കൂടിയുണ്ട്. എം.ടി.എ യുടെ ഭാഗത്ത് നിന്നുള്ളതാണ്. അവരുടെ ഒരു പുതിയ ആപ്പ് Launch ചെയ്യുകയാണ്. ഇത് സ്മാർട്ട് ടിവിയ്ക്ക് വേണ്ടിയുള്ള ആപ്ലികേഷനാണ്. ഇനി ഏതൊരു രാജ്യത്തും ഈ App ഡൗൺലോഡ് ചെയ്ത്, LG, Philips, Amazon TV, Sony, Android TV set എന്നിവയിൽ Dish Antina ഇല്ലാതെ തന്നെ എം.ടി.എ യുടെ എല്ലാ ചാനലുകളും കാണാവുന്നതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ രാജ്യത്തിന് പുറത്ത് താമസിക്കുന്നവർക്ക് ഇതിൽ നിന്ന് പ്രയോജനം നേടാൻ സാധിക്കുന്നതാണ്. ഇപ്പോൾ ജുമുഅക്ക് ശേഷം ഞാൻ അത് Launch ചെയ്യുന്നതായിരി ക്കും.

അല്ലാഹു ജൽസ എല്ലാതരത്തിലും അനുഗ്രഹപൂർണമാക്കി തീർക്കട്ടെ. നിങ്ങൾക്ക് എല്ലാവർക്കും ഇതിൽ നിന്ന് പരിപൂർണ പ്രയോജനം നേടുവാനും തൗഫീഖ് അവൻ നല്കുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَ نَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَ مَنْ يُّضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَأْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ-

Friday Sermon delivered by **Hadrat Khalifathul Masih Al-khamis** (atba)
at Hadeeqatul Mahdi – on 02.08.2019
Malayalam Translation : **Mou.Hashim Ashraf** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516